بسم الله الرحمن الرحيم

# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 24.10.2014

(29 DHUL HIJJA 1435 Hijiri)

**Hazrat Khalifathullah Munir Ahmad Azim (A)**

സലാമിനു ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹ ഓതിയശേഷം പറഞ്ഞു.

അൽഹംദുലില്ലാഹ്. സുമ്മ അൽഹംദുലില്ലാഹ്. **'ഹൃദയം'** എന്ന വിഷയത്തിൽ എന്റെ ജുംആ ഖുത്തുബ തുടരുകയാണ്. ഇതേ വിഷയത്തിലെ 5-ാ മത്തെ ആഴ്ചയാണ് ഇന്ന്. നമ്മുടെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിത്.

## ഹൃദയത്തിന്റെ സ്ഥാനം

ഉദ്ബോധനങ്ങളും, ഉപദേശങ്ങളും സ്വീകരിക്കുന്ന കേന്ദ്രം എന്ന നിലയിലും അച്ചുതണ്ട് എന്ന നിലയിലും ഹൃദയത്തിന് വലിയ സ്ഥാനമുണ്ട്. ആയതിനാൽ ഹൃദയത്തിന് നല്ല സംരക്ഷണവും, മുൻകരുതലും എടുക്കേണ്ടതാണ് എന്ന് മുസ്‌ലീംകൾ ഉപദേശിക്കപ്പെട്ടിരിക്കുന്നു. ഹൃദയത്തിന് അധികഭാരം നൽകരുതെന്നും ഉപദേശിക്കപ്പെട്ടിരിക്കുന്നു.

## ഹൃദയത്തിന് വിശ്രമം ആവശ്യമാണ്

തിരുദൂതർ (സ) പറഞ്ഞു. **"നിങ്ങളുടെ ഹൃദയത്തിന് നിങ്ങൾ വിശ്രമം അനുവദിക്കുക. കാരണം നിങ്ങളുടെ മറ്റു അവയവങ്ങൾ ക്ഷീണിക്കുന്നതുപോലെ അതും ക്ഷീണിക്കുന്നതാണ്".**

## ഹൃദയത്തെ എങ്ങനെ ശുദ്ധീകരിക്കാം ?

അല്ലാഹു (ത) യെ അനുസരിക്കുന്നതിലൂടെയും, ആരാധിക്കുന്നതിലൂടെയും ഹൃദയത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കുവാൻ സാധിക്കുന്നതാണ്.

## ഹൃദയം എങ്ങനെയാണ് അശുദ്ധമാകുന്നത് ?

അല്ലാഹു (ത) യെ അനുസരിക്കാത്തതിലൂടെ ഹൃദയം അശുദ്ധവും അനാരോഗ്യപൂർണ്ണവുമാകുന്നു.

കപടവിശ്വാസികൾ / അവിശ്വാസികൾ വിശുദ്ധഖുർആൻ എന്തു പറയുന്നു :-

**"ഓ ദൈവദൂതാ ! തങ്ങളുടെ ഹൃദയങ്ങൾ വിശ്വസിക്കാതെ, അവരുടെ വായകൾ കൊണ്ട്, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. എന്നു പറഞ്ഞവരിൽ നിന്ന് അവിശ്വാസത്തിലേക്ക് ധൃതിപ്പെട്ടുചെല്ലുന്നവർ നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ. യഹൂദന്മാരിലും ചിലർ കള്ളമായ കാര്യങ്ങൾ വളരെ കേൾക്കുന്നവരാണ്; നിന്റെയടുക്കൽ വന്നിട്ടില്ലാത്ത മറ്റൊരു കൂട്ടർക്കുവേണ്ടി അവർ കേൾക്കുന്നവരാണ്. അവർ വചനങ്ങളെ അവയുടെ സ്ഥാനങ്ങളിൽ വയ്ക്കപ്പെട്ട ശേഷം (അവ) തെറ്റിച്ചു കളയുന്നു. ഇത് നിങ്ങൾക്ക് നൽകപ്പെട്ടാൽ അത് സ്വീകരിക്കുക, ഇത് നിങ്ങൾക്ക് നൽകപ്പെട്ടില്ലെങ്കിൽ നിങ്ങൾ ജാഗ്രതയിലായിരിക്കുക. എന്നവർ പറയുന്നു. ആരെയെങ്കിലും അല്ലാഹു പരീക്ഷിക്കുന്നതിന് ഉദ്ദേശിച്ചാൽ അല്ലാഹുവിനെതിരിൽ അയാൾക്കുവേണ്ടി നിനക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല. അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ലാത്ത കൂട്ടരാണവർ. അവർക്ക് ഇഹലോകത്ത് നിന്ദ്യതയുണ്ട്. പരലോകത്ത് അവർക്ക് കടുത്ത ശിക്ഷയുമുണ്ടായിരിക്കും. (5:42)"**

നമ്മുടെ ദൃഷ്ടാന്തങ്ങൾ അവന്റെ മുമ്പാകെ വിവരിക്കപ്പെടുമ്പോൾ അവൻ പറയും **"ഇത് പൂർവ്വീകരുടെ പഴങ്കഥകളാണ്. ഒരിക്കലുമല്ല (ആ ധാരണ ശരിയല്ല) പക്ഷേ അവർ സമ്പാദിച്ചുകൊണ്ടിരുന്ന തിന്മകൾ അവരുടെ ഹൃദയങ്ങളിൽ കറയായി പിടിച്ചിരിക്കുന്നു."** (83: 14 – 15)

## ഹൃദയത്തിലെ കറുത്തപുള്ളി

ഹസ്രത് അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്യുന്നു. തിരു ദൂതർ (സ) പറഞ്ഞു. **"ഒരു മനുഷ്യൻ ഒരു തെറ്റു ചെയ്യുമ്പോൾ, അവന്റെ ഹൃദയത്തിൽ ഒരു കറുത്ത പുള്ളി പ്രത്യക്ഷപ്പെടുന്നു. അവൻ പശ്ചാത്തപിക്കുകയും തെറ്റ് ചെയ്യുന്നതിൽ നിന്ന് പിൻവാങ്ങുകയും ചെയ്താൽ അവന്റെ ഹൃദയം ശുദ്ധമായി തീരുന്നതാണ്. വീണ്ടും അവൻ ആ തെറ്റു ചെയ്താൽ അവന്റെ ഹൃദയത്തിൽ മറ്റൊരു പുള്ളി പ്രത്യക്ഷപ്പെടുന്നു. അങ്ങനെ ഒടുവിൽ അവന്റെ ഹൃദയം പൂർണ്ണമായും കറുത്ത പുള്ളികളാൽ മറയപ്പെടുന്നതാണ്".** താഴെപ്പറയുന്ന വിശുദ്ധ ഖുർആൻ വചനത്തിന്റെ സാരം അതാകുന്നു. **"അവർ സമ്പാദിച്ചുകൊണ്ടിരുന്ന തിന്മകൾ അവരുടെ ഹൃദയങ്ങളിൽ കറയായി പിടിച്ചിരിക്കുന്നു."** (83:15)

(തിർമിദി) ഈ ദൈവീക വചനം കൊണ്ട് അർത്ഥമാക്കുന്നത് ; അനുസരണമില്ലായ്മയും പാപവും അവരുടെ ഹൃദയ ങ്ങളുടെ എല്ലാ വശങ്ങളെയും ആവരണം ചെയ്തിരിക്കുന്നുവെന്നുസാരം.

## പുരുഷന്മാർ സ്ത്രീകളുമായി സംസാരിക്കേണ്ടി വരുമ്പോൾ:–

പുരുഷന്മാർ സ്ത്രീകളുമായി ഇടപഴകേണ്ടി വരുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് വിശുദ്ധഖുർആൻ പറയുന്നു.

**"നബിയുടെ ഭാര്യമാരോട് വല്ല സാധനവും നിങ്ങൾ ആവശ്യപ്പെടുന്ന പക്ഷം മറയുടെ പിന്നിൽ നിന്ന് അവരോട് ആവശ്യപ്പെടുക. നിങ്ങളുടെയും അവരുടെയും ഹൃദയങ്ങൾക്ക് ഏറ്റവും പരിശുദ്ധമായ മാർഗ്ഗം അതാണ്. "** (33:54)

## സ്ത്രീകൾ ജാഗ്രത പാലിക്കുക

ഓഫീസുകൾ, മാർക്കറ്റുകൾ തുടങ്ങിയ ഇടങ്ങളിൽ പുരുഷന്മാരുമായി സ്വതന്ത്രമായി ഇടപെടേണ്ടിവരുന്ന സ്ത്രീകൾ, ഈ കാര്യത്തിൽ അല്ലാഹുവിനെ ഭയപ്പെടേണ്ടതാണ്. പുരുഷന്മാർ തങ്ങളുടെ ഭാര്യന്മാരെ, അന്യപുരുഷ ന്മാരുമായി ഇടപഴകുന്നതിന് അനുവദിക്കുമ്പോൾ, അവരും അല്ലാഹുവിനെ ഭയപ്പെടേണ്ടതാണ്. പുരുഷന്മാർക്കാണ് തങ്ങളുടെ ഭാര്യമാരുടെ ഉത്തരവാദിത്വം. ഖിയാമത്തു ദിനത്തിൽ, തങ്ങളുടെ ഭാര്യമാരുടെ പ്രവർത്തനങ്ങളെ സംബ ന്ധിച്ചും പുരുഷന്മാർ ചോദിക്കപ്പെടുന്നതാണ്. ! വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) പറയുന്നു. **"വിശ്വസിച്ചവരെ നിങ്ങൾ നിങ്ങളെയും നിങ്ങളുടെ കുടുംബാംഗങ്ങളെയും ഒരഗ്നിയിൽ നിന്ന് കാത്തുരക്ഷിച്ചുകൊള്ളുക. അതിന്റെ ഇന്ധനം ചില മനുഷ്യരും ചില കല്ലുകളുമാകുന്നു. അതിന്റെ മേൽനോട്ടക്കാർ നിർദയരും നിഷ്ഠൂരരുമായ ചില മലക്കുകളത്രെ ! അല്ലാഹു അവരോട് കൽപ്പിക്കുന്ന ഒരു കല്പനയും അവർ ലംഘിക്കുകയില്ല. അവരോട് ആജ്ഞാപിക്കുന്നതെന്തും അവർ പ്രവർത്തിക്കുന്നു."** (66:7)

## പർദ്ദാ ആചരണം സമുദായ പുരോഗതിയ്ക്ക്

പർദ്ദ ആചരിക്കുന്നതിലൂടെ സമുദായം പാതിവ്രത്യമുള്ളതും പരിശുദ്ധമായതുമായി മാറുന്നുവെന്ന് ജനങ്ങൾ മനസ്സിലാക്കണം. പർദ്ദ ആചരണം ഇല്ലാതെ, സ്വതന്ത്ര സ്ത്രീ- പുരുഷ ഇടപഴകലും, നഗ്നതയും അത് പ്രകടിപ്പിക്കു വാനുള്ള ഇച്ഛയും ഓരോ സമൂഹത്തെയും നശിപ്പിക്കുകയും, സമൂഹത്തിൽ ഉണ്ടായിരിക്കുന്ന നന്മയും അനുഗ്രഹ ങ്ങളും നഷ്ടപ്പെടുത്തി കളയുകയും ചെയ്യുന്നു.

ഹൃദയത്തിന്റെ അവസ്ഥയക്കനുസരിച്ചായിരിക്കും മറ്റ് അവയവങ്ങളുടെ നവീകരണം. ഹൃദയം പരിശുദ്ധ വും, സമ്പൂർണ്ണവുമാണെങ്കിൽ എല്ലാ അവയവങ്ങളും പരിശുദ്ധമായിരിക്കും. ഹൃദയത്തിൽ അശുദ്ധതയും, തിന്മയും ഉണ്ടെങ്കിൽ, മറ്റ് അവയവങ്ങളും അശുദ്ധതകളാലും തിന്മകളാലും നിറഞ്ഞിരിക്കും. ഹൃദയ നവീകരണം മറ്റ് അവ യവങ്ങളുടെ നവീകരണത്തിന് ഹേതുകമാണ്. പ്രവാചകർ (സ) പറഞ്ഞു. **" മനുഷ്യ ശരീരത്തിൽ ഒരു മാംസ കഷ്ണ മുണ്ട്. അതു നന്നായാൽ ശരീരം മുഴുവൻ നന്നാകുന്നതാണ്. അത് ചീത്തയായാൽ ശരീരം മുഴുവൻ ചീത്തയാകുന്നതാ ണ്. അറിയുക. അത് ഹൃദയമാകുന്നു ". (ബുഖാരി, മുസ്‌ലീം)**

## ഹൃദയത്തെ പ്രകാശഭരിതമാക്കുക.

ഹൃദയത്തെ പരിശുദ്ധമായി സംരക്ഷിച്ചാൽ, അതിനെ അനുസരണയാലും ആരാധനയാലും പ്രകാശപൂരിത മാക്കിയാൽ, അത്തരം ഹൃദയങ്ങൾക്ക് നല്ലതും ചീത്തയായതും തമ്മിൽ വേർതിരിച്ചറിയുവാൻ സാധിക്കുന്നതാണ്. അത്തരം ഹൃദയങ്ങളിൽ സംശയം ഉടലെടുക്കുന്നതല്ല. ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു. **"നല്ലതും നന്മ നിറഞ്ഞതു മായ പ്രവർത്തനങ്ങൾ ഹൃദയത്തിന് സമാധാനം നൽകുന്നതാണ്. മറിച്ച് തിന്മയായ പ്രവർത്തനങ്ങൾ ഹൃദയത്തിലെ സ്വസ്ഥ തയും സമാധാനവും ഇല്ലാതാക്കുന്നു".**

## സൗഭാഗ്യപൂർണ്ണവും വിജയദായകങ്ങളുമായ ഹൃദയങ്ങൾ :–

സൗഭാഗ്യപൂർണ്ണവും വിജയദായകങ്ങളുമായ ഹൃദയങ്ങൾ എന്നു പറയുന്നത് ; ഈമാൻ ഉൾക്കൊണ്ട ശേഷം, വിജയവും, സൗഭാഗ്യവും ഹൃദയത്തിലൂടെ ആർജ്ജിക്കുന്നു. അങ്ങനെ ഹൃദയത്തെ തിന്മകളിൽ നിന്നും വിപ്ലവങ്ങ ളിൽ നിന്നും ഫിത്നകളിൽ നിന്നും സംരക്ഷിക്കുന്നു.

ഹസ്രത് ഹുസൈഫ (റ) റിപ്പോർട്ട് ചെയ്യുന്നു. റസൂൽ (സ) പറഞ്ഞു. **"വിരിപ്പിൽ ഇഴ നെയ്യുന്നതുപോലെ, ഫിത്ന ഹൃദയത്തിൽ രൂപം കൊള്ളുന്നു. ഹൃദയത്തിൽ ഒരു കറുത്ത അടയാളം പ്രത്യക്ഷമാകുന്നു. അത് ഫിത്നകൾക്ക് കാരണമാകുന്നു. അതുപോലെ ഒരു വെളുത്ത അടയാളം ഹൃദയത്തിൽ പ്രത്യക്ഷമാകുന്നു. എന്നാൽ അത് തിന്മകൾക്ക് ഇടം നൽകുന്നില്ല. അങ്ങനെ ഹൃദയം രണ്ടായി വിഭജിക്കപ്പെടുന്നു."**

ഒന്ന് പരിശുദ്ധമായതും വെളത്തതുമായ ഹൃദയം, അതിൽ ഖിയാമത്തു നാൾവരേക്കും തിന്മകൾ പ്രവേശിക്കുന്നതല്ല. മറ്റൊന്ന് കറുത്ത ഹൃദയമാണ്. അതിൽ ഒരു പെട്ടി രൂപപ്പെട്ടിരിക്കും ; അത് സത് പ്രവർത്തനങ്ങൾ അംഗീകരിക്കുക യില്ല ; തിന്മക്കെതിരിൽ അത് ശബ്ദിക്കുകയുമില്ല. മറിച്ച് അത് തിന്മകൾ മാത്രം അംഗീകരിക്കുന്നു ; ശാരീരിക ഇച്ഛ കൾ മാത്രം സ്വീകരിക്കുന്നു . (മുസ്‌ലീം)

## ഹൃദയ ഇനങ്ങൾ

ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു. "ഹൃദയങ്ങൾ നാലുതരമുണ്ട്."

1. **ശുദ്ധിയുള്ളതും വൃത്തിയുള്ളതുമായ ഹൃദയം. അതിൽ പ്രകാശം ചുറ്റിലും പ്രസരിക്കുന്നതാണ്. അത് ഒരു വിശ്വാസിയുടെ ഹൃദയമാകുന്നു.**

2. **കറുത്ത ഹൃദയം ഇത് ഒരവിശ്വാസിയുടെ ഹൃദയമാകുന്നു.**
3. **മറയിട്ട ഹൃദയം. ഇത് ഒരു കപടവിശ്വാസിയുടെ ഹൃദയമാകുന്നു.**
4. **വളഞ്ഞ ഹൃദയം. അതിൽ ഈമാനും (വിശ്വാസം) ഉണ്ടായിരിക്കും നിഫാഖും (കപടത) ഉണ്ടായിരിക്കും.**

**ഹൃദയത്തിൽ ഈമാൻ ഉള്ളതിന്റെ ഉദാഹരണം ഫലഭൂയിഷ്ഠമായ ജലസമൃദ്ധമായ പച്ചയണിഞ്ഞ തോട്ടം പോലെ യാണ്. നിഫാഖ് (കപടത) ഉള്ളവന്റെ ഉദാഹരണം രക്തവും ചലവും ഒഴുകുന്ന മുറിവ് പോലെയാണ്. ഏതൊന്നാണോ അതിജയിക്കുന്നത് അതനുസരിച്ചായിരിക്കും അവന്റെ വാസസ്ഥലം നിശ്ചയിക്കുന്നത്. (മുസ്നദ് അഹ്മദ്, ത്വബറാനി)**

## ഹൃദയങ്ങൾ അഞ്ചു വിധം

1. **മരണപ്പെട്ട ഹൃദയം**
2. **രോഗബാധിതമായ ഹൃദയം**
3. **ഉപേക്ഷാ ശീലമുള്ള ഹൃദയം**
4. **ജാഗ്രതയുള്ള ഹൃദയം**
5. **സുരക്ഷിതവും ആരോഗ്യപൂർണ്ണവുമായ ഹൃദയം.**

ഇഹലോക കാര്യത്തിൽ മാത്രം മുഴുകി കഴിയുന്ന ഹൃദയം ഒരു പരാജയം തന്നെയാണ്; പരലോക ജീവിത ത്തിൽ ഹൃദയം വ്യാപൃതമായിരുന്നാൽ അത് വിജയ പ്രദം തന്നെയാണ്. ദൈവസ്മരണയിൽ വ്യാപൃതമായാൽ, അത് അലിഞ്ഞു ചേരുന്നു.

എന്റെ പ്രിയ സഹോദരീ സഹോദരന്മാരെ, ഇന്ന് എന്റെ ഖുത്തുബ അവസാനിപ്പിക്കുവാൻ സമയമായി. ഇൻശാ അല്ലാഹ് അടുത്ത വെള്ളിയാഴ്ച ഇതേ വിഷയം തുടരുന്നതിനുള്ള തൗഫീഖിനായും അറിവിനായും ഞാൻ അല്ലാഹു വിനോട് ദു ആ ചെയ്യുന്നു. എത്രമാത്രം പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണിതെന്ന് ചിന്തിക്കുക. നമ്മൾ മുസ്‌ലീംകൾ നമ്മുടെ ഹൃദയങ്ങൾ സംശുദ്ധമാക്കിയാൽ ഈ ലോകത്തിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുന്നതാണ്. അത് മതപരമാകട്ടെ, ഭൗതികമാകട്ടെ, കുടുംബപരമാകട്ടെ വിശ്വാസികളുടെ സമസ്ത പ്രശ്നങ്ങൾക്കും പരിഹാരം തന്നെ യാണ്. ഇൻശാ അല്ലാഹ് ! ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*